# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പതിമൂന്നാം പഞ്ചവൽസര പദ്ധതി - ആദ്യ വാർഷിക പദ്ധതി (2017-2018) - അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്- പട്ടികജാതി കുടുംബങ്ങൾക്ക് വാസസ്ഥലം ഉയർത്തൽ, മത്സ്യത്തൊഴിലാളികൾക്ക് നീട്ടുവലയും തെർമ്മോക്കോൾ യാനവും എന്നീ പദ്ധതികൾ ഏറ്റെടുക്കുന്നതിന് അനുമതി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.**2087/2017**/തസ്വഭവ

തീയതി, തിരുവനന്തപുരം **21.06.2017**

പരാമർശം :- 1) സ.ഉ.(എം.എസ്) നം.72/2017/തസ്വഭവ തീയതി 29.03.2017

2) സ.ഉ.(എം.എസ്.) നം.80/2017/തസ്വഭവ തീയതി 03.04.2017

3) അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09.05.2017-ലെ എ 1-493/ 17-ാം നമ്പർ കത്ത്

4) 07.06.2017 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ പൊതു വിഷയ തീരുമാനം നമ്പർ 3.7

## <u>ഉത്തരവ്</u>

പതിമൂന്നാം പഞ്ചവത്സര പദ്ധതി നടത്തിപ്പ് മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനമായ " പട്ടികജാതി കുടുംബങ്ങൾക്ക് വാസസ്ഥലം ഉയർത്തൽ, മത്സ്യത്തൊഴിലാളികൾക്ക് നീട്ടുവലയും തെർമ്മോക്കോൾ യാനവും" എന്നീ പദ്ധതികൾ ഏറ്റെടുക്കുന്നതിന് അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുകളിൽ മൂന്നാമതായി വായിച്ച കത്ത് പ്രകാരം സർക്കാരിനോട് അനുമതി തേടിയിരുന്നു. ടി അപേക്ഷ 07.06.2017 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതി നടത്തിപ്പ് മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനമായ പട്ടികജാതി കുടുംബങ്ങളുടെ വാസസ്ഥലം ഉയർത്തുന്നതിനും നീട്ടുവലയും തെർമോകോൾ യാനവും മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനും അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു. ഇതിന്റെ യൂണിറ്റ് ചെലവ് ജില്ലാതലത്തിൽ നിശ്ചയിക്കേണ്ടതും ഫിഷറീസ് വകുപ്പ് / മത്സ്യഫെഡ് എന്നിവയുടെ യൂണിറ്റ് ചെലവിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**എൻ.വിശ്രുതൻ ആചാരി**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പ്രസിഡണ്ട്/സെക്രട്ടറി അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**പകർപ്പ്** :-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ് ന്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

**ഉത്തരവിൻ പ്രകാരം**

Haridas

സെക്ഷൻ ഓഫീസർ